**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2865** **28-02-2023 - ൽ മറുപടിയ്ക്ക്**

**പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന് വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിനായി 2023-24 സാമ്പത്തിക വർഷം എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് ശീർഷകം തിരിച്ച് വ്യക്തമാക്കാമോ; | (എ) | **പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിനായി 2023-24 സാമ്പത്തിക വർഷത്തിൽ 2700-01-101-98-18 എന്ന ശീർഷകത്തിൽ 8 കോടി (കനാൽ അറ്റകുറ്റപണികൾ, പുനരുദ്ധാരണ പ്രവൃത്തികൾ) 2700-01-101-98-82 എന്ന ശീ**ർഷകത്തിൽ 8 ലക്ഷം (ഗാർഡൻ) എന്നീ തുകയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. |
| (ബി) | 2023-24 വർഷത്തിൽ പ്രസ്തുത പ്രോജക്ടിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ **പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിൽ കനാലുകളുടെ വാർഷിക അറ്റകുറ്റ പണികൾ അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾ, ബ്രിച്ച് രൂപപ്പെടുന്നത് പരിഹരിക്കൽ, ഗാർഡനുകൾ പരിപാലനം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ, ഹെഡ് വർക്കുകളുടെ അറ്റകുറ്റപണികളും പുനരുദ്ധാരണവും ഉൾപ്പെടെയുള്ള പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.** |
| (സി) | തകർന്ന കനാലുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും വകയിരുത്തിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | കനാലുകളുടെ അറ്റകുറ്റപണികൾക്കും **പുനരുദ്ധാരണത്തിനുമായി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ